**മധുരമായ കുട്ടികളെ, നിങ്ങൾക്ക് നിങ്ങളുടെ തന്നെ ശരീരം–മനസ്സ്–ധനം കൊണ്ട് ഭാരതത്തെ സ്വർഗ്ഗമാക്കിതീർക്കുന്നതിനുളള സേവനം ചെയ്യണം, ഈ ഭാരതത്തെ മായാരാവണനിൽ നിന്നും സ്വതന്ത്രമാക്കണം.**

**ചോദ്യം:** ആത്മാഭിമാനിയായിരിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്ന കുട്ടികൾ ഏതു ചിന്തയിൽ നിന്നാണ് മുക്തമാകുന്നത്?

**ഉത്തരം:** ഈ പഴയ ശരീരത്തിന്റെ കർമ്മഭോഗ് അടിക്കടി അനുഭവത്തിന്റെ രൂപത്തിൽ വരുന്നു, ഈ കണക്കുകൾ അവസാനിപ്പിക്കേണ്ടിയിരിക്കുന്നു, ഈ ചിന്തയിൽ നിന്ന് അവർ മുക്തമായിരിക്കുന്നു. അവരുടെ ബുദ്ധിയിലുണ്ടായിരിക്കും ഈ പഴയ കർമ്മകണക്കുകൾ ഇല്ലാതാക്കി കർമ്മാതീതമായി തീരണമെന്ന്. പിന്നെ പകുതി കല്പം ഒരു തരത്തിലുളള രോഗത്തിനും നമ്മുടെ അടുത്ത് വരാൻ സാധിക്കില്ല. അസുഖത്തിൻെറ പേരോ അടയാളമോ ഇല്ലാത്ത ഫസ്റ്റ്ക്ലാസ്സ് പ്രകൃതിചികിത്സയാണ് ബാബ ചെയ്യുന്നത്.

**ഗീതം:** അങ്ങ് തന്നെ അമ്മയും, അങ്ങ് തന്നെ അച്ഛനും.........

**ഓം ശാന്തി:** കുട്ടികൾ പാട്ടു കേട്ടുവല്ലോ? പതിതപാവനനായിരിക്കുന്ന അച്ഛൻേറയും, അമ്മയുടേയും സന്മുഖത്താണ് നാം ഇരിക്കുന്നത് എന്ന് കുട്ടികൾ അറിയുന്നുവല്ലോ? പതിതമായ ഭാരതത്തെ പവിത്രമാക്കിതീർക്കുന്നതിനുവേണ്ടി ശ്രീമതനുസരിച്ച് നടന്നുകൊണ്ടിരിക്കുകയാണ്, എന്തുകൊണ്ടെന്നാൽ നിങ്ങൾ കുട്ടികൾ തൻെറ പരമപിതാവായ പരമാത്മാവിൻെറ സേവനത്തിലാണ്. ബാബയും ഈ സേവനം തന്നേയാണ് ചെയ്യുന്നത്. ഭാരതം പവിത്രമായിരുന്നു എന്ന് കുട്ടികൾ അറിയുന്നുണ്ട്. ഇപ്പോൾ അധ:പതിച്ചിരിക്കുക്കന്നു. പവിത്രമായ ആ ലോകം നിലവിൽ വന്നിട്ട് 5000 വർഷമായി. ജനങ്ങൾ ഇക്കാര്യങ്ങളേക്കുറിച്ചൊന്നും അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ ശ്രീമതനുസരിച്ച് നടന്ന് ശരീരം കൊണ്ടും മനസ്സുകൊണ്ടും ധനം കൊണ്ടും സേവനം ചെയ്തുകൊണ്ടിരിക്കുന്നുവല്ലോ. ഭാരതത്തെ രാവണൻെറ കുരുക്കിൽ നിന്നും വിടുവിച്ച് രാമരാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്നുവല്ലോ? ഇത് നിങ്ങൾക്ക് ആർക്കും മനസ്സിലാക്കികൊടുക്കുവാൻ കഴിയും. പതിതമായ ഭാരതത്തെ പവിത്രമാക്കിതീർക്കുന്നതിനാണ് നാം വന്നിരിക്കുന്ന്. അതുകൊണ്ട് തീർച്ചയായും പവിത്രമായിതീരണം. പവിത്രതയെ സംബന്ധിച്ച കാര്യത്തിലാണ് ഈ ബഹളങ്ങളെല്ലാം നടക്കുന്നത്. ഏതെങ്കിലും തരത്തിലുളള പ്രയാസങ്ങൾ വന്നുകൊണ്ടിരിക്കും. അവരുടേത് ഹിംസകയുദ്ധമാണ്. നിങ്ങളുടേത് രാവണനാകുന്ന പഞ്ചവികാരങ്ങളോടുളള യുദ്ധമാണ്. കല്പ–കല്പമായി നാം ശ്രീമതനുസരിച്ച് നടന്നുകൊണ്ടിരിക്കുന്നു എന്നും നിങ്ങൾ അറിയുന്നുവല്ലോ. ഈ സമയത്ത് മുഴുവൻ ലോകവും രാവണൻെറ മതമനുസരിച്ചാണ് നടന്നുകൊണ്ടിരിക്കുന്നത്. ശ്രീമത്തനുസരിച്ച് നിങ്ങൾ ദൈവീകമതക്കാരായ ദേവതകളായി മാറുന്നു. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണവർണ്ണത്തിലുളളവരാണ്. മുഴുവൻ ലോകത്തേയും നിങ്ങൾ അധ:പതിച്ച അവസ്ഥയിൽ നിന്നും പവിത്രമാക്കികൊണ്ടിരിക്കുന്നു. കുട്ടികളുടെ അടുത്ത് പരിധിയില്ലാത്ത അച്ഛൻ വന്നിരിക്കുന്നു. ഞങ്ങൾ ശരീരവും മനസ്സും ധനവും കൊണ്ട് ഭാരതത്തെ വീണ്ടും ദൈവീകരാജ്യമാക്കി തീർക്കുന്നു എന്ന് കുട്ടികൾ പറയുന്നു. കാരണം ഭാരതം സത്യയുഗത്തിൻെറ ആദിയിൽ രാജസ്ഥാനമായിരുന്നു. നാം നമ്മുടെ ദൈവീകരാജസ്ഥാനം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഗാന്ധിജി ശരീരം കൊണ്ടും മനസ്സുകൊണ്ടും ധനം കൊണ്ടും സേവനം ചെയ്തു. ജയിലിൽ പോയി. ശരീരം കൊണ്ടുളള സേവനമായല്ലോ. മനസ്സും അതിൽ മുഴുകി. ബാബ മായാരാവണനിൽ നിന്നാണ് സ്വാതന്ത്ര്യം നേടിതരുന്നത് എന്ന് കുട്ടികൾ മനസ്സിലാക്കി. ഇത് പരിധിയില്ലാത്ത പിതാവ്. അത് ഭാരതത്തിൻെറ ബാപ്പു. ഗാന്ധിജി എല്ലാവരുടേയും പിതാവല്ല, പ്രായമായവരേയും ബാപ്പുജി എന്നു പറയാറുണ്ട്. മേയറേയും പിതാവ് എന്നു പറയാറുണ്ട്. പിതാക്കന്മാർ വളരേയുണ്ട്. നിങ്ങളുടെ അച്ഛൻ ഒന്നേയുളളു. വേറെ ആരുമില്ല. പരിധിയില്ലാത്ത പിതാവ് ഒന്നേയുളളു അത് ശിവബാബയാണ്. ആ പിതാവ് ഭാരതത്തെ പവിത്രമാക്കേണ്ട കാര്യത്തിൽ ഉപസ്ഥിതനായിരിക്കുന്നു. തീർച്ചയായും ബാബ ഏതെങ്കിലും ശരീരത്തിൽ വന്നിരിക്കണമല്ലോ. കൂടെ സഹായികളുമുണ്ടാകും. ഒററക്കായിരിക്കില്ല. നിങ്ങൾ ശിവശക്തിസേനകളാകുന്നു. നിങ്ങൾക്ക് കാര്യങ്ങൾ മനസ്സിലാക്കികൊടുക്കുവാൻ വളരെ എളുപ്പമാണല്ലോ. അവർക്ക് ഭാരതത്തെ സ്വതന്ത്രമാക്കാൻ എത്രയോ സഹിക്കേണ്ടിവന്നു. സ്ത്രീകൾ പോലും ജയിലിൽ പോയി. കൂടുതൽ ദു:ഖം പുരുഷന്മാരാണ് അനുഭവിച്ചത്. ഇപ്പോഴാണെങ്കിൽ നിങ്ങൾ മാതാക്കൾക്ക് വിഷം മൂലം (വികാരം) വളരെയധികം ദു:ഖം സഹിക്കേണ്ടിയിരിക്കുന്നു.

പുതിയ സൃഷ്ടി രചിക്കുന്നതിന് ബാബ വന്നിരിക്കുന്നു എന്ന് നിങ്ങൾക്ക് മനസ്സിലാക്കുന്നു.

അതിനുവേണ്ടി ആദ്യമാദ്യം ബ്രാഹ്മണർ വേണം. ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണരായ നിങ്ങൾ വീണ്ടും ദൈവീകം അർത്ഥം വിഷ്ണുവിൻെറ വംശത്തിലേതായിതീരുന്നു. ഇത് ബുദ്ധിയിൽ വേണം. വീണ്ടും നാം ബാബയുടെ സഹായിയായിതീർന്നിരിക്കുന്നു. ലക്ഷക്കണക്കിന് പേർ ശ്രീമതനുസരിച്ച് നടക്കേണ്ടതുണ്ട്. ആ ബാപുവിനും വലിയ സേന ഉണ്ടായിരുന്നു. അതിലും വളരെ പ്രശസ്തർ ഉണ്ടായിരുന്നു. ആ ബാപു ബ്രിട്ടീഷുകാരിൽ നിന്നും സ്വാതന്ത്ര്യം നേടിതന്നു. നിങ്ങൾ കുട്ടികൾ രാവണനാകുന്ന ശത്രുവിൽ നിന്നും സ്വാതന്ത്ര്യം ലഭിക്കുന്നതിനുവേണ്ടി ശ്രീമത് അനുസരിച്ച് നടക്കണം. സ്വരാജ്യം നേടിയെടുക്കുന്നതിനാണ് എന്ന് അവർ പറയുന്നതുപോലെ നിങ്ങളും സ്വരാജ്യമായ ദൈവീകരാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി ശ്രീമത് അനുസരിച്ച് നടക്കുന്നു എന്ന് ബുദ്ധിയിലുണ്ടല്ലോ. ഓരോ ചുവടും ശ്രീമത് അനുസരിച്ച് നടക്കേണ്ടിയിരിക്കുന്നു. ശ്രീമത് വഴി ശ്രേഷ്ഠരായിതീരാം. ഓരോരുത്തരുടേയും കർമ്മക്കണക്കുകൾ അവരവരുടേതാണ്. കർമ്മാതീത അവസ്ഥ നേടുന്നതിന്ന് അവസാനം വരെ പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ കർമ്മാതീത അവസ്ഥ ആയിട്ടില്ല. ആരാണൊ ശരീരം കൊണ്ടുപോലും ദു:ഖമനുഭവിക്കാത്തത് അവർ കർമ്മാതീതമായിരിക്കുന്നു. പഴയ ശരീരത്തിൽ അവസാനം വരെ ദു:ഖം ഉണ്ടാകും. ആരും സമ്പൂർണ്ണമായിട്ടൊന്നുമില്ല. കർമ്മഭോഗം അനുഭവിച്ചു തീർക്കണം. കർമ്മാതീത അവസ്ഥ ആകുന്നതുവരെ മായയുടെ കൊടുങ്കാററ് ഉണ്ടാകും. കർമ്മകണക്കുകൾ അനുഭവിക്കേണ്ടിവരും. അതിനെകുറിച്ച് ചിന്തിക്കേണ്ട. ബാബയെ ഓർത്താൽ മതി. ആത്മാഭിമാനി ആയിതീരൂ എന്നു ബാബ പറയുന്നു. ഈ പദം ഇപ്പോഴാണ് പറയുന്നത് എങ്കിലും അത് മുന്നെതന്നെ പാടുന്നുണ്ട്. എന്നാൽ ഇതിൻെറ അർത്ഥമെന്തെന്ന് മനുഷ്യർ അറിയുന്നില്ല. ആത്മബോധത്തിൽ ഒററക്കിരുന്ന് ബാബയെ ഓർക്കുവാൻ കഴിയുമെന്ന് നിങ്ങൾ അറിയുന്നുവല്ലോ. ഇപ്പോൾ ആത്മബോധത്തിൽ വരണം. ഞാൻ ആത്മാവാകുന്നു, ബാബയെ ഓർമ്മിക്കുന്നു, ഈ ഓർമ്മയിലിരിക്കുന്നതിനുള്ള പരിശ്രമം ചെയ്യണം. ഭഗവാൻ സർവ്വവ്യാപിയാണെന്ന് മനസ്സിലാക്കിയാൽ പിന്നെ ആരെ ഓർക്കും. ശാന്തി ലഭിക്കുന്നതിന് എവിടേയും പോകേണ്ട ആവശ്യമില്ല എന്ന് ബാബ മനസ്സിലാക്കിതന്നിട്ടുണ്ട്. കർമ്മം ചെയ്യുക തന്നെ വേണം. അശരീരിയായിരിക്കണം. ഞാൻ ആത്മാവാകുന്നു ഇത് ഇന്ദ്രിയങ്ങളാകുന്നു. ആത്മാവിൻെറ സ്വധർമ്മം ശാന്തിയാകുന്നു. നാം മണിയടിക്കേണ്ട ആവശ്യമൊന്നുമില്ല. ആ സന്യാസി തുടങ്ങിയവർ ഹഠയോഗം ചെയ്യുന്നു. പ്രാണായാമം ചെയ്യുന്നു ,പിന്നെ അഭ്യാസം ചെയ്യുന്നു, ഗുഹയിലിരുന്ന് വളരെ പ്രയത്നിക്കുന്നു. ഇവിടെ ഹഠയോഗത്തിൻെറ കാര്യമൊന്നുമില്ല, ജ്ഞാനം മനസ്സിലാക്കണം. ദൈവപിതാവിൻെറ ആ ജ്ഞാനം ആരും തന്നെ അറിയുന്നില്ല. അവർ ആ ഗോഡ് ഫാദർ സർവ്വവ്യാപിയാണെന്നാണ് മനസ്സിലാക്കിവെച്ചിരിക്കുന്നത്. ഇതിനേയാണ് മിഥ്യാജ്ഞാനം എന്നു പറയുന്നത്. നിങ്ങൾ ഇപ്പോൾ ആ പിതാവിനെ അറിയുന്നുവല്ലോ. ഏവരുടേയും പിതാവ് ഒന്നുതന്നേയാണ്. ആ പിതാവ് വന്നിട്ട് സൃഷ്ടിയെ അധ:പതിച്ച അവസ്ഥയിൽ നിന്നും പവിത്രമാക്കിതീർക്കുന്നു. നിങ്ങൾ ഇക്കാര്യത്തിൽ ബാബയുടെ സഹായികളാണ്. പതിത അവസ്ഥയിൽ നിന്നും പവിത്രമായി വീണ്ടും പവിത്ര ലോകത്തിലേക്ക് പോകും. ആ പവിത്രലോകത്തിനുവേണ്ടിയാണ് നിങ്ങൾ രാജയോഗം മനസ്സിലാക്കുന്നത്. വീണ്ടും ബാബ ടീച്ചറായി നിങ്ങൾക്ക് സൃഷ്ടിചക്രത്തിൻെറ ജ്ഞാനം തരുന്നു. അതുവഴി നിങ്ങൾക്ക് സ്വദർശനചക്രധാരികളായി മാറി ചക്രവർത്തി രാജാവും, ചക്രവർത്തി റാണിയും ആയിതീരുവാൻ കഴിയും. വീട്ടിലിരുന്നുതന്നെ ഈ അവസ്ഥ നേടണം. നിങ്ങൾക്ക് വളരെയധികം സഹിക്കേണ്ടിവരുന്നു. ഈ യജ്ഞത്തിൽ അസുരന്മാർ എത്രയധികം വിഘ്നമാണുണ്ടാക്കുന്നത്. അബലകളിൽ വികാരം മൂലം അത്യാചാരം ചെയ്യുന്നു. കോൺഗ്രസ്സുകാർ ജയിലിൽ പോയിരുന്നു. നിങ്ങൾ വീണ്ടും കംസൻ്റേയും ജരാസന്ധൻ്റേയും ജയിലിൽ ബന്ധിക്കപ്പെടുന്നു. അല്പം സഹിക്കേണ്ടിയിരിക്കുന്നു. ദുർബ്ബലരായ പുരുഷന്മാരുണ്ടെങ്കിൽ സ്ത്രീക്കും സഹിക്കേണ്ടിയിരിക്കുന്നു. 60 വയസ്സിനുശേഷം വാനപ്രസ്ഥ അവസ്ഥയിൽ പോകണമെന്നുള്ളത് ഭാരതത്തിലെ നിയമമാണ്. പിന്നെ ഗൃഹസ്ഥം ഉപേക്ഷിച്ച് ചാവി കുട്ടികൾക്ക് കൊടുക്കുന്നു, സംരക്ഷിക്കുന്നതിനുവേണ്ടി. സത്പുത്രർ ആ വീടിനെ നല്ല രീതിയിൽ സംരക്ഷിക്കുന്നു. ഈയിടേയായി പുത്രന്മാരും ശത്രുക്കളായി മാറുന്നുണ്ട്. നിങ്ങൾ കുട്ടികളുടെ യുദ്ധം മായാരാവണനോടാണ്. ഗാന്ധിജിയുടെ മതമനുസരിച്ച് നടന്ന് അവർ ബ്രിട്ടീഷുകാരിൽ നിന്നും ഭാരതത്തെ മോചിപ്പിച്ചു, മായാരാവണൻ നിങ്ങൾക്കുമേൽ 2500 വർഷം ഭരണം നടത്തി. ഈ മായ വളരെ ബലവാനാണ്. അവർക്കാണെങ്കിൽ സ്വതന്ത്രരാകാൻ 40 , 50 വർഷം എടുത്തു. അദ്ധ്വാനിക്കണം. ഇവിടെയും ശ്രീമത് അനുസരിച്ചാണ് നിങ്ങൾ വിജയം നേടുന്നത്. രാവണൻ നിങ്ങളുടെ പഴയ വലിയ ശത്രുവാണ്. മായയാകുന്ന ആ ശത്രു നിങ്ങളെ വെടിവെച്ചു വീഴ്ത്തുന്നു. കാമമാകുന്നു ഏററവും വലിയ ബോംബ്. മായയെ വളരെ സൂക്ഷിച്ചിരിക്കണം. എത്രത്തോളം നിങ്ങൾ ബാബയെ ഓർക്കുന്നുവൊ അത്രത്തോളം സന്തോഷം വർദ്ധിക്കും. നാം ഈശ്വരൻെറ സന്താനങ്ങളായിതീർന്നിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ. 21 ജന്മത്തേക്ക് വേണ്ടി ശ്രീമത്തിലൂടെ നാം സ്വരാജ്യം സ്ഥാപിക്കുന്നു. കോൺഗ്രസ്സുകാരുടെ സ്വരാജ്യം അല്പകാലത്തേക്കുമാത്രമാണ്. അവരുടേത് സ്വരാജ്യമൊന്നുമല്ല. പിന്നേയും പ്രശ്നങ്ങൾ ബാക്കിയാണവിടെ .

നിങ്ങൾക്കറിയാം അവർക്ക് മൃഗതൃഷ്ണക്കുസമാനം രാജ്യം ലഭിച്ചിരിക്കുന്നു എന്ന്. കോൺഗ്രസ്സ് എങ്ങിനേയാണുണ്ടായത് എന്ന് ഗീതയിലൊ ഭാഗവതത്തിലൊ ഇല്ല. അവർക്ക് ഒന്നും ലഭിച്ചില്ല എന്ന് നിങ്ങൾ മനസ്സിലാക്കുന്നുവല്ലോ. ഏറിയാൽ എം.പി യോ മറ്റോ ആകുന്നു, അതും അല്പകാലത്തേക്കു മാത്രം . ഈ സമയത്ത് എല്ലാവരും ദു:ഖിതരാണ്. നാം സ്വർഗ്ഗം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഡ്രാമയിൽ വിജയം നിങ്ങൾക്കാണെന്നാണ് സൂചിപ്പിക്കുന്നത്. നിങ്ങൾ രാജയോഗം മനസ്സിലാക്കികൊണ്ടിരിക്കുന്നുവല്ലോ. നാം സൂര്യവംശിയായിതീരും എന്നറിയുന്നുവല്ലോ. സൂര്യവംശിയായിതീരുന്നതിനാണൊ അതോ ചന്ദ്രവംശിയായിതീരുന്നതിനാണോ നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നത് എന്ന് ബാബ ചോദിക്കുന്നു. സൂര്യവംശിയായിതീരുന്നതിനാണ് എന്ന് പറയുന്നു. മമ്മ...ബാബ എന്നു വിളിക്കുന്നവർ തീർച്ചയായും സൂര്യവംശിയായിതീരും. ഫോളൊ ഫാദർ മദർ എന്ന് ഇതിനേയാണ് പറയുന്നത്. ഇവർ മാതാവും പിതാവുമാണല്ലോ. ഇവർ സൂര്യവംശി മഹാരാജാവും മഹാറാണിയുമായിതീരുന്നു. ഇത് ഏവർക്കും 100 ശതമാനം നിശ്ചയം ഉണ്ടല്ലോ. കുട്ടികളെ നിങ്ങൾ പുരുഷാർത്ഥം ചെയ്ത് സിഹാസനലഹരിയിൽ മഗ്നരാകണം എന്ന് ആ അച്ഛനും അമ്മയും കുട്ടികളോട് പറയുന്നു. പുരുഷാർത്ഥം ചെയ്ത് ഫോളൊ ഫാദറായിതീരണം.

ആരെങ്കിലും ശുഭകരമായത് പറയുന്നുവെങ്കിൽ, നല്ലത്, നിങ്ങളുടെ മുഖത്തുനിന്നും റോസാപൂ വിരിയുന്നുവല്ലോ എന്ന് പറയാറുണ്ട്. ഏയ്, സൂര്യവംശിയായിതീരുക എന്നത് അത്ര ചെറിയ കാര്യമൊന്നുമല്ല. എത്രയോ രത്നവും പവിഴവും പതിച്ച കൊട്ടാരങ്ങൾ അവിടേയുണ്ടാകും. എത്രയോ ഉയർന്ന പദവിയാണിത്. ആലോചിക്കുമ്പോൾതന്നെ രോമാഞ്ചം വരുന്നുവല്ലോ. ബാബ നമ്മെ എത്രയോ ഉയർന്നതാക്കിതീർക്കുന്നു. നാം ഒന്നും തന്നെ അറിഞ്ഞിരുന്നില്ല. ഗ്രാമത്തിലെ വികൃതിപ്പയ്യനെ കുറിച്ച് പാടുന്നുവല്ലോ. ഗ്രാമത്തിലെ ആ വികൃതിപ്പയ്യൻ കൃഷ്ണനൊന്നുമല്ല. ഗ്രാമത്തിലുള്ള എത്ര പേരാണ് ഇവിടെ വന്നിരിക്കുന്നത്. ദരിദ്രർക്ക് തന്നേയാണ് സൗഭാഗ്യമുള്ളത്. ഞാൻ ദരിദ്രരിൽ വസിക്കുന്നവനാണെന്ന് ബാബ പറയുന്നു. ആരാരെല്ലാം സമ്പത്തെടുക്കുവാൻ വരുന്നു എന്ന് കാണുന്നുവല്ലോ. ഞാൻ ഭാരതത്തിൻെറ സേവനം ചെയ്തുകൊണ്ടിരിക്കുകയാണെന്ന് കാണുന്നവരോടെല്ലാം പറയണം. ശരീരം കൊണ്ടും, മനസ്സുകൊണ്ടും, ധനം കൊണ്ടും ഭാരതത്തെ സ്വർഗ്ഗമാക്കുന്നതിനുള്ള സേവനം ചെയ്യുന്നു എങ്കിൽ ഏതൊരു ഇൻകം ടാക്സ് ഓഫീസറും നിങ്ങൾക്ക് മാപ്പ് തരും. ആ ഗവണ്മെൻറ് വളരെ പൈസ ആവശ്യമില്ലാതെ ചിലവാക്കുന്നുണ്ട്. നിങ്ങളുടെ പൈസ ഭാരതത്തെ ഉയർത്തുന്നതിന് ഉപയോഗിക്കുന്നു. എത്ര വ്യത്യാസമാണ് ഉള്ളത്? ഇവർ എത്ര വലിയ സേവനമാണ് ചെയ്യുന്നത് എന്ന് ഇക്കാര്യത്തെകുറിച്ച് മററുള്ളവർക്ക് മനസ്സിലാക്കികൊടുത്താൽ അവർ അത്ഭുതപ്പെട്ടുപോകും. അത്തരത്തിൽ സേവനം ചെയ്യണം. വളരെ വളരെ മാധുര്യമുള്ളവരാകണം. സത്യമായ സാഹേബിനോട് സത്യതയുള്ളവരായിരിക്കണം. സത്യമായ ആ സാഹേബിനെ ഓർക്കണം. സത്യലോകത്തിൻെറ അധികാരിയായിതീരണമെങ്കിൽ സത്യമായ ബാബയെ നിരന്തരം ഓർക്കുന്നതിൻെറ അഭ്യാസം ചെയ്യണം. ഓർത്ത് ഓർത്ത് സുഖം നേടണം. പ്രയാസങ്ങളില്ലാത്തവർ ആരുമില്ല. എന്തെങ്കിലും തരത്തിലുള്ള അസുഖങ്ങൾ ഉണ്ടായികൊണ്ടിരിക്കും. അവിടെ നിങ്ങൾക്ക് അതൊന്നും ഉണ്ടാകില്ല. ഒരിക്കലും രോഗങ്ങൾ ഉണ്ടാകാത്തതരത്തിലുള്ള പ്രകൃതി ചികിത്സയാണ് ബാബ ചെയ്യുന്നത്. 21 ജന്മം നിങ്ങൾ നിരോഗിയായിതീരുന്നു. അതുകൊണ്ട് അത്രയും ലഹരിയിലിരിക്കണം. ആ ബാപുജി(ഗ്രാന്ധിജി) എന്താണ് ചെയ്തത് ഈ പരിധിയില്ലാത്ത ബാപുജി എന്താണ് ചെയ്തത് എന്ന വ്യത്യാസം മനസ്സിലാക്കികൊടുക്കണം. ബാബ നിങ്ങളെ രാവണൻെറ ബന്ധനത്തിൽ നിന്നും വിടുവിക്കയാണ് ചെയ്യുന്നത്. ആ ബാബയെ ഓർക്കുക വഴി നിങ്ങളുടെ വികർമ്മങ്ങൾ നശിക്കും. അത് അച്ഛനാണ്, ടീച്ചറാണ് സത്ഗുരുവാണ്. ജന്മജന്മാന്തരമായിട്ടുള്ള പാപങ്ങൾ തലയിലുണ്ട്. അതിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള ഉപായം ഒന്നേയുള്ളു. ആ ഗംഗക്ക് ആരേയും പവിത്രമാക്കുവാൻ കഴിയുകയില്ല. ബാബയുടെ ഓർമ്മയാണ് ഏവരേയും പവിത്രമാക്കുന്നത്. നിഷ്ഠയോടെ ഇരിക്കണമെന്നൊന്നുമില്ല, ഇരിക്കുന്നതും നല്ലതാണ്. ഒന്നു രണ്ടുപേർ ഒന്നിച്ചിരിക്കാം, എന്നാൽ ബാബ പറയുന്നു, നടക്കുമ്പോഴും ഇരിക്കുമ്പോഴുമെല്ലാം ബാബയുടെ ഓർമ്മ ഉണ്ടായിരിക്കണം. സ്കൂളിൽ ടീച്ചർ പഠിപ്പിക്കുന്നു എങ്കിൽ വിദ്യാർത്ഥിക്ക് ടീച്ചറുടെ ഓർമ്മ ഉണ്ടായിരിക്കുമല്ലോ? ബാബയാണ് എന്നെ പഠിപ്പിക്കുന്നത് എന്ന് കുട്ടികളുടെ ബുദ്ധിയിൽ ഉണ്ടായിരിക്കണം. അച്ഛനേയൊ ടീച്ചറേയൊ ഓർക്കാത്ത ആരും തന്നെ ഇല്ലല്ലൊ. തിരിച്ചുപോകണമെങ്കിൽ സത്ഗുരുവിനെ ഓർക്കണമെന്ന് നിങ്ങൾ അറിയുന്നുവല്ലോ. അത്ഭുതകരമായ കാര്യങ്ങളാണ് ബാബ കേൾപ്പിക്കുന്നത്. നമ്മുടെ അച്ഛൻ ടീച്ചറും സദ്ഗുരുവുമാകുന്നു. സത് ബാബയും, സത് ടീച്ചറും സത്ഗുരുവുമാകുന്നു. സത്യവുമായിട്ടുള്ള സംഗം നിങ്ങളെ മറുകര കടത്തുന്നു. മുക്തിയിലേക്കും ജീവന്മുക്തിയിലേക്കും കൊണ്ടുപോകുന്നു എന്നർത്ഥം. ഈ പഴയ ലോകത്തിൽ നിന്ന് എല്ലാവരും തിരിച്ചുപോകും. പിന്നെ വന്ന് പുതിയ ലോകത്തിൽ രാജ്യം ഭരിക്കും. ഇതൊരു മൽസരമാണ് പരിധിയില്ലാത്ത കുതിരയോട്ടം. പുരുഷാർത്ഥം ചെയ്യുന്നിടത്തോളം വിജയമാലയിൽ കോർക്കപ്പെടും, ശരി .

മാതാവും പിതാവുമായിരിക്കുന്ന ബാപ്ദാദായുടെ മധുര മധുരമായ 5000 വർത്തിനുശേഷം കണ്ടുമുട്ടുന്ന ഹൃദയത്തിൻെറ പ്രാണനായിരിക്കുന്ന കുട്ടികൾക്ക് പ്രേമത്തോടെ സ്നേഹസ്മരണകൾ നൽകുന്നു. നിങ്ങൾ വളരെ പ്രിയപ്പെട്ടവരായിതീർന്നിരിക്കുന്നു. നാം പൂജ്യദേവീദേവതകളായിരുന്നു. വീണ്ടും നാം രണ്ടു കല കുറഞ്ഞ് ചന്ദ്രവംശി ക്ഷത്രിയരായിതീർന്നു. വീണ്ടും നാം പൂജാരികളായ വൈശ്യവംശികളും, ശൂദ്രവംശികളുമായിതീർന്നു. ഇപ്പോൾ നാം ശ്രീമത് വഴി പൂജാരികളിൽ നിന്നും പൂജ്യരായിതീർന്നു കൊണ്ടിരിക്കുന്നു. ഈ ചക്രം ബുദ്ധിയിൽ കറക്കണം. ശരി. ആത്മീയ പിതാവിൻെറ ആത്മീയ കുട്ടികൾക്ക് നമസ്തേ.

## ധാരണക്കുവേണ്ടിയുളള മുഖ്യസാരം:

1. ഭാരതത്തെ സ്വതന്ത്രമാക്കുന്നതിന് വേണ്ടി തൻെറ മനസ്സും ശരീരവും, ധനവും എല്ലാം സഫലമാക്കണം. വളരെ വളരെ മാധുര്യമുളളവരായി സേവനം ചെയ്യണം. സത്യഖണ്ഡം സ്ഥാപിക്കുന്നതിന് സത്യതയുളളവരായിരിക്കണം.

2. വിജയമാലയിൽ കോർക്കപ്പെടുന്നതിനുവേണ്ടി ഓർമ്മയുടെ മൽസരം ചെയ്യണം. നടക്കുമ്പോഴും ഇരിക്കുമ്പോഴും കർമ്മം ചെയ്യുമ്പോഴുമെല്ലാം അച്ഛനേയും ടീച്ചറേയും സത്ഗുരുവിനേയും ഓർക്കണം.

## വരദാനം:- ത്യാഗത്തിന്റെയും തപസ്യയുടെയും സഹയോഗത്തിലൂടെ സേവനത്തിൽ സഫലത പ്രാപ്തമാക്കുന്ന നിരന്തര തപസ്വീമൂർത്തിയായി ഭവിക്കട്ടെ.

സേവാധാരി എന്നാൽ ത്യാഗിയും തപസ്വീമൂർത്തിയും. ത്യാഗവും തപസ്സും- ഈ രണ്ടിന്റെയും സഹയോഗത്തിലൂടെ സേവയിൽ സദാ സഫലത ലഭിക്കുന്നു. ഒരു ബാബ രണ്ടാമതാരുമില്ല-ഇത് തന്നെയാണ് തപസ്യ. ഈ നിരന്തരമായ തപസ്യ നടത്തിക്കൊണ്ടേയിരിക്കൂ എങ്കിൽ താങ്കളുടെ, സേവാസ്ഥാനം തപസ്യാകുണ്ഡമായി മാറും. അങ്ങനെയുള്ള തപസ്യാകുണ്ഡമുണ്ടാക്കൂ എങ്കിൽ ശലഭങ്ങൾ താനേ വന്നുചേരും. മനസാ സേവനത്തിലൂടെ ശക്തിശാലീ ആത്മാക്കൾ പ്രത്യക്ഷപ്പെടും. ഇപ്പോൾ മനസാ ദ്വാരാ ഭൂമി തയ്യാറാക്കൂ- ഇത് തന്നെയാണ് അഭിവൃദ്ധിക്കുള്ള വിധി.

## സ്ലോഗൻ:- വിനയത്തിന്റെയും ധൈര്യത്തിന്റെയും ശക്തിയിലൂടെ ക്രോധാഗ്നിയെ ശമിപ്പിക്കൂ.